LIBRARY ARCHIVES Kerala Legislative Assembly

തടവുകാർക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുന്നതിന് നടപടി

64 [2552] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരളത്തിലെ ജയിലുകളിലെ തടവുകാർക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പുനഃസ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) മുൻകാലങ്ങളിൽ തടവുകാർക്ക് അനുവദിച്ചിരുന്ന എമർജൻസി പരോൾ രണ്ടുവർഷമായി അനുവദിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) തടവുകാരുടെ വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച സുപ്രീം കോടതി വിധിയും മുഖ്യമന്ത്രി നിയമസഭയിൽ നൽകിയ ഉറപ്പും നടപ്പിലാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബന്ധപ്പെട്ട ജയിൽ സൂപ്രണ്ട് പരമാവധി 7 ദിവസവും തുടർന്ന് വകുപ്പ് അദ്ധ്യക്ഷൻ, സൂപ്രണ്ട് നൽകുന്ന 7 ദിവസം ഉൾപ്പെടെ പരമാവധി 10 ദിവസംവരെയും എമർജൻസി പരോൾ നൽകിവരുന്നു. തടവുകാരുടെ എമർജൻസി പരോൾ ദീർഘിപ്പിക്കുന്നതു സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയുടെ 4-6-2002-ലെ ക്രിമിനൽ എം. സി. 400/2001-ലെ വിധിന്യായത്തിലെ നിർദ്ദേശപ്രകാരം രൂപീകരിച്ച് ഉന്നതാധികാര കമ്മിറ്റി നൽകിയ ശുപാർശകൾ ബന്ധപ്പെട്ട കേരള ജയിൽ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 24-9-1998-ലെ ക്രിമിനൽ അപ്പീൽ നമ്പർ 308/86 എന്ന ഉത്തരവ് പ്രകാരം തുല്യജോലിക്ക് തുല്യവേതനം എന്ന അടിസ്ഥാനത്തിൽ തടവുകാരുടെ വേതനം പരിഷ്ക്കരിക്കുന്നതിനായി ഒരു 'വേജ് ഫിക്സേഷൻ ബോഡി' രൂപീകരിക്കുകയും പ്രസ്തുത ബോഡി നൽകിയ

ശുപാർശയുടെ അടിസ്ഥാനത്തിൽ 3-4-2000-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 77/2000/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം തടവുകാരുടെ വേതനം പരിഷ്ക്കരിക്കുകയുണ്ടായി. അതനുസരിച്ച് തടവുകാർക്ക് അവരുടെ സംരക്ഷണ ചെലവ് ഉൾപ്പെടെ 40 രൂപയോ അതിൽ കൂടുതലോ വേതനമായി നൽകി വരുന്നുണ്ട്.

8 വർഷം ശിക്ഷ പൂർത്തിയാക്കിയ തടവുകാരെ വിട്ടയക്കുന്നതിനുള്ള നടപടി

65 [2553] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജയിലുകളിൽ 8 വർഷം ശിക്ഷ പൂർത്തിയാക്കിയവരെ വിട്ടയയ്ക്കുന്നതിന് അർഹതപ്പെട്ടവരുടെ പേര് വിവരം പത്രങ്ങളിൽ പരസ്യപ്പെടുത്തിയിട്ടുണ്ടോ എന്നും ഇവരെ മോചിപ്പിക്കുന്നതിന് പരാതിയുണ്ടോ എന്നും ആരാഞ്ഞു കൊണ്ട് രജിസ്റ്റേർഡ് കത്തയച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള ഗൈഡ് ലൈനിനെ മറികടന്നുകൊണ്ടാണ് ഇപ്രകാരം ചെയ്തിട്ടുള്ളത് എന്ന കാര്യം വ്യക്തമാക്കുമോ;

(സി) പ്രിസൺ റിവ്യൂ കമ്മിറ്റിയോഗം ചേരുന്നതിനുള്ള തീയതി നിശ്ചയിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) ബഹു. കേരളാ ഹൈക്കോടതിയുടെ ക്രിമിനൽ എം.സി. 400/1 എന്ന 4-6-2002-ലെ ഉത്തരവിനെ തുടർന്ന് ജീവപര്യന്തം തടവിന് വിധിച്ച തടവുകാരുടെ ശിക്ഷ ഇളവുചെയ്ത് വിടുതൽ ചെയ്യുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനായി സർക്കാർ നിശ്ചയിച്ച ഉന്നതാധികാര കമ്മിറ്റിയുടെ ശുപാർശകളിൽ തടവുകാരുടെ വിടുതൽ പരിഗണിക്കുമ്പോൾ വിക്ടിംസ് റിയാക്ഷൻ കൂടി പരിഗണിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. വിടുതൽ പരിഗണിക്കുമ്പോൾ അർഹമായ ശിക്ഷാകാലം പൂർത്തിയാക്കിയവരുടെ പേരുവിവരം വർത്തമാന പത്രങ്ങളിലും ഗസറ്റിലും ജയിൽ നോട്ടീസ് ബോർഡിലും ബന്ധപ്പെട്ട സൂപ്രണ്ട് പരസ്യപ്പെടുത്തേണ്ടതും വിക്ടിംസ് റിയാക്ഷൻ ശേഖരിച്ച് ബന്ധപ്പെട്ട ജില്ലാ പ്രൊബേഷൻ ഓഫീസറുടെ അഭിപ്രായത്തോടൊപ്പം കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതാണെന്ന് ഉന്നതാധികാര കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് ബന്ധപ്പെട്ട സെൻട്രൽ ജയിൽ, തുറന്ന ജയിൽ, വനിതാ ജയിൽ സൂപ്രണ്ടുമാർ പത്രങ്ങളിൽ, വിടുതൽ ചെയ്യപ്പെടുവാൻ അർഹതയുള്ള തടവുകാരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായി.

(സി) പ്രിസൺ റിവ്യൂ കമ്മിറ്റിയോഗം ചേരുന്നതിനുള്ള തീയതി നിശ്ചയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly